# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.495

25.10.2016-ൽ
മറുപടിയ്ക്ക്

## കിൻഫ്ര മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.പി.ഉണ്ണി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ ) വ്യവസായങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ കിൻഫ്രയുടെ പങ്ക് വിലയിരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുക എന്ന, പ്രധാന ലക്ഷ്യം നിറവേറ്റുന്നതിൽ ഒരു വലിയ പരിധിയോളം വിജയിക്കുന്നതിന് കിൻഫ്രക്ക് സാധ്യമായിട്ടുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | കിൻഫ്ര മുഖേന നടപ്പിലാക്കാനായി ഏതൊക്കെ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതുവഴി എത്രപേർക്ക് നേരിട്ടും പരോക്ഷമായും തൊഴിൽ നല്കാൻ സാധിക്കുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്; | ബി) | കിൻഫ്ര മുഖേന നടപ്പിലാക്കാൻ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പുതിയ വിവിധോദ്ദേശ വ്യവസായ സോണുകൾ താഴെ പറയുന്നവയാണ്.<br>1. പട്ടാന്നൂർ, കണ്ണൂർ - 500 ഏക്കർ<br>2. പനയത്താൻ പറമ്പ്, കണ്ണൂർ - 500 ഏക്കർ<br>3. തൊട്ടുപുഴ - 900 ഏക്കർ<br>4. മങ്കട, മലപ്പുറം - 700 ഏക്കർ<br>5. വിഴിഞ്ഞം - 500 ഏക്കർ<br>6. കാസർഗോഡ് - 500 ഏക്കർ<br>,ഇവ കൂടാതെ താഴെപ്പറയുന്ന പുതിയ പാർക്കുകളും കിൻഫ്ര നടപ്പിലാക്കുന്നു<br>1. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം.<br>2. മെഗാ ഫുഡ് പാർക്ക്, പാലക്കാട്<br>3. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്<br>4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം<br>5. ഫുട് വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്<br>6. സ്പൈസസ് പാർക്ക്, തൊട്ടുപുഴ, ഇടുക്കി<br>7. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ<br>8. വ്യവസായ പാർക്ക്, മട്ടന്നൂർ<br>ഇതുവഴി ഉദ്ദേശം പതിനായിരത്തോളം പേർക്ക് നേരിട്ടും ഏകദേശം 12000 ത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ നല്കാൻ സാധിക്കുമെന്നാണ് വിലയിരുത്തുന്നത്. |
| സി) | വ്യവസായ സൗഹൃദമായ നിക്ഷേപ കേന്ദ്രങ്ങൾ ഒരുക്കുന്നതിനോടൊപ്പം തന്നെ അവ പരിസ്ഥിതി സൗഹൃദവും മലിനീകരണരഹിതവുമായിരിക്കാൻ ശ്രദ്ധ പതിപ്പിക്കുമോ; | സി) | വ്യവസായ സൗഹൃദപരമായ നിക്ഷേപാന്തരീക്ഷം ഒരുക്കുന്നതിനോടൊപ്പം പരിസ്ഥിതി സൗഹൃദവും മലിനീകരണ വിമുക്തവുമായ വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനാണ് കിൻഫ്ര പ്രാമുഖ്യം നല്കുന്നത്. |

| | | | |
|---|---|---|---|
| **ഡി)** | വലിയ തോതിൽ ഭൂമിയേറ്റെടുക്കേണ്ട പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ജനസാന്ദ്രത തീരെ കുറഞ്ഞ പ്രദേശങ്ങളിലാകാൻ ശ്രദ്ധ പതിപ്പിക്കാൻ നിർദ്ദേശം നല്കുമോ? | **ഡി)** | വ്യാവസായികാവശ്യങ്ങൾക്കായി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കാത്ത രീതിയിൽ ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങൾ തെരഞ്ഞെടുക്കാൻ കിൻഫ്ര പരമാവധി ശ്രദ്ധിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**